ഉത്തരം

(എ) ഇല്ല.

(ബി) സംസ്ഥാനത്തെ ഒരു സ്കൂളും നിശ്ചിത എണ്ണം കുട്ടികളുടെ കുറവുമൂലം അടച്ചുപൂട്ടുന്നതല്ല.

(സി) ഉണ്ട്.

(ഡി) 2004-2005 .. 1,39,442 കുട്ടികൾ
2003-2004 .. 1,48,698 കുട്ടികൾ

(ഇ) 2004-2005 .. 2,52,776 കുട്ടികൾ
2003-2004 .. 2,63,247 കുട്ടികൾ

എസ്.എസ്.എൽ.സി. പരീക്ഷാ സെന്ററുകളിൽ കുട്ടികളുടെ എണ്ണത്തേക്കാൾ കൂടുതലായി നൽകുന്ന ചോദ്യപേപ്പറുകൾ

327 [2385] പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
ശ്രീ. ലൂഡി ലൂയിസ്:
ശ്രീമതി മാടത്തേത്ത് സരളാദേവി:
ശ്രീ. എൻ. ശക്തൻ:
,, ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. പരീക്ഷാ സെന്ററുകളിൽ പരീക്ഷയെഴുതുന്ന വിദ്യാർത്ഥികളുടെ എണ്ണത്തേക്കാൾ എത്ര ചോദ്യപേപ്പറുകൾ കൂടുതലായി കൊടുക്കാറുണ്ട്;

(ബി) ഇങ്ങനെ കൂടുതൽ ചോദ്യപേപ്പറുകൾ നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം അറിയിക്കാമോ;

(സി) കൂടുതലായുള്ള ചോദ്യപേപ്പറുകൾ സൂക്ഷിക്കുന്നതാരാണ്;

(ഡി) കൂടുതലായി നൽകപ്പെടുന്ന ചോദ്യപേപ്പർ ഉപയോഗിച്ച് ഉത്തരം തയ്യാറാക്കി പരീക്ഷയെഴുതുന്ന കുട്ടികൾക്ക് നൽകുന്നതായി പരാതിയുണ്ടായിട്ടുണ്ടോ;

(ഇ) ഇങ്ങനെ കൂടുതലായി നൽകുന്ന ചോദ്യപേപ്പർ ക്രമക്കേടുകൾക്ക് സാഹചര്യമുണ്ടാക്കുമോയെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ ആന്റ് ബി) എസ്.എസ്.എൽ.സി. പരീക്ഷാ ചോദ്യ പേപ്പറുകൾ 5, 10, 20, 40, 50, 60, 80, 100, 200 എന്നീ എണ്ണമുള്ള പാക്കറ്റുകളായി സീൽ ചെയ്ത കവറുകളിലാണ് പരീക്ഷാഭവനിൽ എത്തുന്നത്. പരീക്ഷാ കേന്ദ്രങ്ങളിലെ ആവശ്യകത അനുസരിച്ച് തൊട്ടടുത്ത നമ്പരിൽ റൗണ്ട് ചെയ്താണ് ചോദ്യപേപ്പറുകൾ നൽകുന്നത്. ഉദാഹരണമായി ഒരു സെന്ററിൽ 86 ചോദ്യപേപ്പറുകൾ ആവശ്യമുണ്ടെങ്കിൽ 50, 20, 20-ന്റെ പാക്കറ്റുകളായി മൊത്തം 90 ചോദ്യപേപ്പറുകൾ നൽകുന്നു.

(സി) കൂടുതലായുള്ള ചോദ്യപേപ്പറുകൾ പരീക്ഷാകേന്ദ്രത്തിലെ ചീഫ് സൂപ്രണ്ട്, ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട് എന്നിവർ സംയുക്തമായി പരിശോധിച്ച് സേഫ്/അലമാരയിൽ പ്രത്യേകം സീൽ ചെയ്ത് സൂക്ഷിക്കുന്നു.

(ഡി) ഇല്ല.

(ഇ) ബാക്കി വരുന്ന ചോദ്യപേപ്പറുകൾ ചീഫ് സൂപ്രണ്ട്, ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട് എന്നിവർ സംയുക്തമായി സീൽ ചെയ്ത് അലമാര/സേഫിലാണ് സൂക്ഷിക്കുന്നത്. കൂടാതെ ഇത് പരിശോധിക്കുന്നതിന് വിദ്യാഭ്യാസ വകുപ്പിന്റെയും സർക്കാരിന്റെയും പ്രത്യേക സ്ക്വാഡുകൾ പരീക്ഷാകേന്ദ്രങ്ങൾ സന്ദർശിക്കാറുണ്ട്.

എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളുടെ ഉത്തരക്കടലാസിന്റെ സെൻട്രലൈസ്ഡ് വാല്യൂവേഷൻ

328 [2386] ശ്രീ. ജോർജ് ജെ. മാത്യു:
„ ടി. എൻ. പ്രതാപൻ:
„ പ്രതാപവർമ്മ തമ്പാൻ, ജി.:
ശ്രീമതി രാധാരാഘവൻ:
ശ്രീ. ഇ. എം. ആഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളുടെ ഉത്തരകടലാസിന്റെ കേന്ദ്രീകൃത മൂല്യനിർണ്ണയത്തിന് എത്ര അദ്ധ്യാപകരെയാണ് ക്ഷണിച്ചത്; അതിൽ എത്ര പേർ ഹാജരായി എന്ന് വെളിപ്പെടുത്തുമോ;

(ബി) മറ്റുള്ളവർ വരാതിരിക്കാനുള്ള കാരണം അറിയിക്കാമോ;

(സി) വരാതിരുന്നവരുടെ മേൽ എന്തു നടപടിയാണെടുത്തത് എന്ന് വ്യക്തമാക്കാമോ;

(ഡി) കേന്ദ്രീകൃത മൂല്യനിർണ്ണയത്തിന് അദ്ധ്യാപകരെ നിയോഗിക്കുമ്പോൾ രോഗികൾ, ഗർഭിണികൾ, പ്രസവശുശ്രൂഷയിൽ കഴിയുന്നവർ എന്നിവരെ ഒഴിവാക്കാറുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ;

(ഇ) കേന്ദ്രീകൃത മൂല്യനിർണ്ണയ കാലം ഡ്യൂട്ടിക്കാലമായി പരിഗണിക്കാറുണ്ടോ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly